

എനിക്ക് തോഴർ ഇവർ മാത്രം....
നാളെ ഇതുപോലൊരു ശില്പമാകാൻ




മുത്തുമാലയിലെ മുത്തുകളെപ്പോലെ ഞാനറിയാതെന്റെ ജീവിതം
തുന്നിപ്പിടിപ്പിക്കപ്പെടുന്നു. നാളെ പെരുവഴിയിൽ
പിച്ചിച്ചീന്തപ്പെടാൻ വേണ്ടി....



# LOST CHILDHOOD

ഇവിടെ ഞാൻ അബലയല്ല....
ജീവിതം എനിക്കാ വിശേഷണം ചേർത്തിട്ടില്ല...



പണിശാലകളിൽ പിടയുന്ന ബാല്യത്തെ നോക്കി
മുതലാളി ചിരിക്കുമ്പോൾ....
ചിറകറ്റുവീഴുന്നത് എന്റെ ജന്മം....



ജീവിതഭാരം പേറുമ്പോൾ
കിനിയുന്ന വിയർപ്പുതുള്ളിയിൽനിന്നുയരുന്നത്
നഷ്ടബാല്യങ്ങളുടെ വിലാപമാണോ?



താരാട്ടുപാടിയുറക്കേണ്ട കൈകൾതന്നെ
തെരുവിലേക്കിറക്കിയപ്പോൾ.... എരിയുന്ന വയറിന്
ആശ്വാസമായ് കൈയിൽ പേറുന്നു ഞാനീ വിറകുകൊള്ളികൾ....



കണ്ണീരിന്റെ പുളിപ്പിനെ നോക്കി ലോകം ചിരിക്കുമ്പോൾ
അരച്ചാൺ വയറിനു വകയാകുന്നീ ചെപ്പടി വിദ്യകൾ....



ക്രൂരതകൾക്കു മുന്നിൽ അവശേഷിക്കുന്നത്
കനിഞ്ഞുകിട്ടിയൊരല്പ ജലം മാത്രം....
നാളെ ഇതും എനിക്ക് വിദൂരം...



അറിയില്ല ഞാനാരാണെന്ന്....
അറിയില്ലെനിക്കെന്തുവേണമെന്ന്....
ഇന്നീ ലോകചക്രം തിരിക്കുന്നതിന്നത്തെ ക്രൂരതകൾ തന്നെ....



മന്ത്രിച്ച ചരടല്ല, പൊന്നരഞ്ഞാണമല്ലിത്,
കഴുമരത്തിലെ കൊലക്കയറിന് തുല്യമീ ബന്ധനം...



ഇന്നെനിക്കു തൊട്ടിൽ ഈ കരങ്ങൾ മാത്രം....
ജീവിതത്തിന്റെ പച്ചയായ കൂരമ്പുകൾ ഈ ശരീരത്തെ
കീറിമുറിക്കാതിരുന്നെങ്കിൽ....!

പിച്ചിച്ചീന്തി ചവറ്റുകൊട്ടയിൽ എറിയപ്പെടുമ്പോൾ
ചിതറി വീഴുന്ന തുണ്ടുകളെ നോക്കി
നെടുവീർപ്പിടാനെങ്കിലുമായെങ്കിൽ ....!



തെരുവെന്റെ സാമ്രാജ്യം.
ഇവിടെ പട്ടികളുടെ ഓരിയിടലും രാത്രിയുടെ ഭയാനകതയും
എനിക്ക് താരാട്ട്....

കൊലയാളിയറിയുന്നു തടവെത്ര കാലമെന്ന്
അറിയില്ല എനിക്കെന്റെ തടവറയ്ക്കന്ത്യം.
ണ്ണു തുറക്കാത്ത ലോകമേ, ചൊല്ലുമോ നീയുത്തരം?





ഒരു കഷ്ണം തുണിക്കുവേണ്ടി ഞാനലഞ്ഞു....
ഇടവഴിയിൽ ഇടറി ഞാൻ വീണപ്പോൾ
എന്തിനു നീയെന്നെ നോക്കിച്ചിരിക്കുന്നു...





തകർന്നടിയുന്ന ചുറ്റുപാടിൽ
തകരാത്ത മനസ്സുമായി എത്രനാൾ....?



ആധുനികതയുടെ കൂരമ്പുകൾ
ജീവിതതാളത്തിന് വിരാമമിട്ടപ്പോൾ
തോഴിയായ് വന്നവളെ ഞാനറിയാതെ പിച്ചിച്ചീന്തി....



സ്വാതന്ത്ര്യമറിയാത്തിവർക്കിന്നിത്
അലങ്കാര വസ്തു മാത്രം....



ഇത് ഞങ്ങളുടെ സാമ്രാജ്യം....!!
കാവൽ നായ്ക്കളില്ലിവിടെ, പകരം ഞങ്ങൾതന്നെ....!!!

ഒരുനാൾ എന്റെയീ സ്വപ്നവും സാർത്ഥകമായെങ്കിൽ....
സ്വാതന്ത്ര്യത്തിൻ പൊൻകിരണങ്ങൾ വന്നണഞ്ഞെങ്കിൽ...



ഫോട്ടോസ് : അജീബ് കോമാച്ചി,
തയ്യാറാക്കിയത്: റെനീഷ് ജോസഫ് (ബി.ബി.എ.രണ്ടാം വർഷം)